**4th December 2015 / Friday** **40th day of 90 days**

***സങ്കീർത്തനങ്ങൾ*** 33:20

***'നമ്മുടെ ഉള്ളം യഹോവെയ്ക്കായി കാത്തിരിക്കുന്നു. അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു.'***

കർത്താവിൽ പ്രിയരെ,

ആത്മീയമായി നാം ആർക്കുവേണ്ടിയാണ് കാത്തിരിക്കേണ്ടത് എന്ന് ദാവീദ് തന്റെ സങ്കീർത്തനങ്ങളിലൂടെ നമ്മെ ബോധിപ്പിക്കുന്നു. നാം പലപ്പോഴും പലയിടത്തും കാത്തിരിക്കുക പതിവാണ്. വിമാനത്താവളത്തിൽ, റെയിൽവെസ്റ്റേഷനിൽ, ബസ് സ്റ്റോപ്പിൽ അങ്ങനെ പലയിടത്തും നാം കാത്തിരിക്കാറുണ്ട്. ഈ ഇടവേളകൾ പലവിധത്തിൽ പ്രയോജനപ്പെടുത്താൻ ആളുകൾ ശ്രമിക്കുന്നു. ഇതേപോലെ, കർത്താവിന്റെ വരവിനായി കാത്തിരിക്കുമ്പോൾ, നാം ഓരോരുത്തർ ചെയ്തുതീർക്കേണ്ടതായ ധാരാളം വേലകൾ ഉണ്ട്. അത് ക്രമമായും ചിട്ടയായും ചെയ്തു തീർക്കാൻ നമ്മുടെ ഉള്ളത്തെ ദൈവത്തിൽ സമർപ്പിക്കണം. ഉള്ളം എന്നത് ദേഹി / പ്രാണൻ / ജീവൻ ആണ് സൂചിപ്പിക്കുന്നത്. നമ്മുടെ ശരീരത്തിന് ദിവസം മുഴുവനും ദൈവത്തെ ആരാധിക്കാനോ സ്തുതിക്കാനോ സ്തോത്രം ചെയ്യാനോ സാധിക്കണമെന്നില്ല. കാരണം ഭൗതിക ആവശ്യത്തിനായി ശരീരം ബദ്ധപ്പെടുമ്പോൾ നിത്യരാജ്യത്തിലെ ജീവനും സമാധാനത്തിനും വേണ്ടി നമ്മുടെ ദേഹിയെ നാം ഒരുക്കിയെടുത്ത് പുത്രനിൽ സമർപ്പിച്ചാൽ, എപ്പോഴും നമ്മൾക്കുവേണ്ടി സ്തുതി, സ്തോത്രം എന്നിവ സമർപ്പിച്ചുകൊണ്ടിരിക്കും. ചില സമയങ്ങളിൽ നാം ചെറിയ മയക്കത്തിലൊ ഉറക്കത്തിലൊ ആകുമ്പോൾ നമ്മുടെ ആരാധനഗീതങ്ങൾ അല്ലെങ്കിൽ വിശ്വാസപ്രമാണമോ യാമപ്രാർത്ഥകളോ, നമ്മുടെ ഉള്ളിൽ നിന്ന് ആരോ ചൊല്ലുന്നതായി തോന്നുന്നത് സത്യവിശ്വാസികൾക്ക് അനുഭവപ്പെട്ടിട്ടുള്ളതാണ്. അതാണ് ഉള്ളം അല്ലെങ്കിൽ ദേഹി ദൈവത്തെ സ്തുതിക്കുന്നത്. നമ്മുടെ ശരീരം ഈ ലോകത്തിൽ പ്രവർത്തിക്കുമ്പോൾ, ദേഹി ആത്മീയലോകത്ത് ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. നമ്മുടെ സഹായവും സംരക്ഷണവും യഹോവയാണ്, ഈ ലോകത്തിൽ നമ്മെ സഹായിക്കാനും സംരക്ഷിക്കാനും അനേകം ആളുകൾ ഉണ്ടെങ്കിലും, ആത്മീയലോകത്തിൽ നമ്മെ പിടിച്ചുയർത്തി, ശരിയായ പാതയിൽ നടത്തുവാൻ കഴിയുന്നത്, യേശുവിന്റെ ഉള്ളിൽ എത്തിയ നമ്മുടെ ദേഹിയുടെ അവസ്ഥയ്ക്കു മാത്രമാണ്. നൂറ് ശതമാനം ദേഹി യേശുവിന്റെ ഉള്ളിൽ എത്തി കഴിഞ്ഞാൽ ഈ ലോകത്തിലെ ഒരു ആവശ്യത്തിനും നമുക്ക് ആരെയും ആശ്രയിക്കേണ്ടി വരില്ല. എല്ലാം നമ്മൾക്കുവേണ്ടി നമ്മുടെ രക്ഷകൻ / സൃഷ്ടാവ് ക്രമികരിച്ചു നൽകുമെന്ന വിശ്വാസത്തിൽ ജീവിക്കണം. സ്വന്തം മക്കളുടെ ആവശ്യങ്ങൾ നിറവേററുന്നതും സംരക്ഷണം നൽകേണ്ടതും പിതാവിന്റെ കടമയാണ്. പക്ഷേ നാം സ്വന്തം മക്കളായി തീരേണം, പിതാവിലും പുത്രനിലും വിശ്വസിക്കേണം, സൃഷ്ടാവിലും രക്ഷകനിലും മാത്രം ആശ്രയിക്കേണം. ഓരോ നിമിഷത്തെ നമ്മുടെ ചിന്തകൾ / വിചാരങ്ങൾ / നന്മകൾ എല്ലാം ദൈവനാമം മഹത്വപ്പെടുവാൻ വിധം സമർപ്പിക്കേണം. വിശുദ്ധി പ്രാപിച്ച് നമ്മുടെ ദേഹിയെ ഒരുക്കിയെടുത്ത് കർത്താവിന്റെ മണവാട്ടി സഭയിൽ ചേർത്തീടാം.

